സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ

1168 [1860] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെല്ലാം കൂടി എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19817

(ബി) 791.

മിച്ചഭൂമി കേസ്സുകൾ

1169 [1861] ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ് :

,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന മിച്ചഭൂമി കേസ്സുകൾ എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ താലൂക്ക് ലാൻറ് ബോർഡിൽ എത്ര; ലാൻറ് ബോർഡിൽ എത്ര;

(സി) തീർപ്പു കൽപ്പിക്കാതെ ലാൻറ് ബോർഡിലുള്ള കേസ്സുകൾ ആരുടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് ഇത്തരം കേസ്സുകൾ തീർപ്പു കൽപ്പിക്കാതെ ലാൻറ് ബോർഡിൽ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീർപ്പു കൽപ്പിക്കാതെ കിടക്കുന്ന 146 സീലിംഗ് കേസ്സുകൾ ഉണ്ട്. ഇതു കൂടാതെ 211 കേസ്സുകൾ ഹൈക്കോടതി വിധിപ്രകാരം പുനർവിചാരണ നടത്തി തീർപ്പു കൽപ്പിക്കാനുമുണ്ട്.

(ബി) താലൂക്ക് ലാൻറ് ബോർഡിൽ 141 കേസ്സുകളും സ്പെഷ്യൽ ലാൻറ് ബോർഡിൽ 5 കേസ്സുകളും.

(സി) 1. വി.ജി. സുകുമാരൻ, എരിമയൂർ, ആലത്തൂർ.
2. വി.എസ്. ചാമുണ്ണി, എരിമയൂർ, ആലത്തൂർ.
3. വി.എസ്. കൃഷ്ണൻ, എരിമയൂർ; ആലത്തൂർ.
4. വി.എസ്. വിജയരാഘവൻ, എരിമയൂർ, ആലത്തൂർ.
5. വി.എസ്. ഗോപാലൻ, എരിമയൂർ, ആലത്തൂർ.

(ഡി) മേൽപറഞ്ഞ അഞ്ചു കേസ്സുകളുടെ സ്ഥിതി താഴെ വിവരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. വി.ജി. സുകുമാരൻ:

വി.ജി. സുകുമാരനും, അയാളുടെ ഭാര്യയും ഇപ്പോഴും ജീവിച്ചിരിപ്പില്ല. ഹൈക്കോടതിയുടെ സി.ആർ.പി. 35/77 എന്ന കേസ്സിലെ വിധിപ്രകാരം ഒരു സീലിംഗ് കേസ്സിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ച് കക്ഷി മരിച്ചുപോയാൽ മേൽ നടപടികളും തുടർന്നു നടത്തുവാൻ നിർവാഹമില്ല. അതുകൊണ്ട് വി.ജി. സുകുമാരന്റെ കേസ്സിൻമേൽ നടപടികളും തുടർന്നു നടത്തുവാൻ നിർവ്വാഹമില്ലാതിരിക്കുകയാണ്. മേപ്പടി ഹൈക്കോടതി വിധി സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യുന്നതിലേക്ക് ഭൂപരിഷ്കരണ നിയമത്തിൽ വേണ്ട ഭേദഗതികളും വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ഇതു കൂടാതെ 1970നു ശേഷം നടത്തിയിട്ടുള്ള ചില ഇഷ്ടദാനങ്ങളും ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ട്.

2. വി.എസ്. ചാമുണ്ണി:

വി.എസ്. ചാമുണ്ണി വി.ജി. സുകുമാരന്റെ മകനാണ്. ആയതിനാൽ വി.ജി. സുകുമാരന്റെ കേസ്സുമായി ബന്ധപ്പെടുത്തി മാത്രമേ ഈ കേസ്സിലെയും മേൽ നടപടികളും മുൻപോട്ട് കൊണ്ടുപോകാൻ സാദ്ധ്യമാകൂ. ഇതുകൂടാതെ ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള ഏകദേശം പത്തോളം കുടിയാൻമാർ അവരുടെ കൈവശാവകാശത്തെ സംബന്ധിച്ച് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത അപ്പീൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയാണ് വി.എസ്. ചാമുണ്ണി സറണ്ടർ ചെയ്യാനായി കാണിച്ചിട്ടുള്ളത്. ഈ കാരണങ്ങളാലാണ് പ്രസ്തുത സീലിംഗ് കേസ്സിലെ മേൽ നടപടികൾ നിർത്തിവച്ചിരിക്കുന്നത്.

3. വി.എസ്. കൃഷ്ണൻ:

ഈ കേസ്സിൽ 1.1.70.നു ശേഷം നടത്തിയിട്ടുള്ള ചില ദാനാധാരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടാണ് മേൽനടപടികൾ നിർത്തിവച്ചിരിക്കുന്നത്.

4. വി. എസ്. ഗോപാലൻ:

ഈ കേസ്സിൽ 1.1.70.നുശേഷം നടത്തിയിട്ടുള്ള ചില ദാനാധാരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടാണ് മേൽ നടപടികൾ നിർത്തിവച്ചിരിക്കുന്നത്.

5. വി.എസ്. വിജയരാഘവൻ:

വി.എസ്. വിജയരാഘവൻ വി. ജി. സുകുമാരന്റെ മകനാണ്. വി. എസ്. ചാമുണ്ണിയുടെ കേസ്സിൽ പറഞ്ഞിട്ടുള്ള കാരണങ്ങളെല്ലാം ഈ കേസ്സിനു ബാധകമാണ്. ആയതിനാലാണ് ഈ കേസിൻമേൽ നടപടികൾ നിർത്തിവച്ചിരിക്കുന്നത്.

സഹകരണ സംഘങ്ങൾ മുഖേന നൽകിയ വായ്പ

1170 [1864] ശ്രീ. വി.കെ. രാജൻ:

,, എം.കെ. കേശവൻ:

,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ സഹകരണ സംഘങ്ങൾ മുഖേന കൃഷിക്കാർക്ക് എത്ര സംഖ്യ വായ്പ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ സഹകരണസംഘങ്ങൾക്ക് പലിശ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly